# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ :3020** **10.03.2017** ൽ മറുപടിയ്ക്ക്

## പട്ടയം നല്കുന്നതിന് സ്വീകരിച്ച നടപടി

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര-പൊന്തൻപുഴ ഭാഗത്ത് വനത്തിനോട് അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലുള്ള ചിലർക്ക് പട്ടയം ലഭിച്ചിട്ടുള്ളതും അർഹതപ്പെട്ട പലർക്കും ലഭിച്ചിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി)&(സി)<br>ആലപ്ര റിസർവ് വനത്തോട് ചേർന്നുള്ള പ്രദേശത്തെ കൈയ്യേറ്റങ്ങൾക്ക പട്ടയം നൽകുന്നതിനെതിരായി 1961-ലെ കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 12A പ്രകാരം ഫയൽ ചെയ്ത MSA No.1/1981 ലും അതിനോട് ബന്ധപ്പെട്ട് ഫയൽ ചെയ്ത വിവിധ കേസുകളിലും ബഹു. ഹൈക്കോടതി 17.5.2016-ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവു പ്രകാരം MSA 1/1981 -ൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയും ആലപ്ര എസ്റ്റേറ്റിന്റെ ഭാഗങ്ങളും പതിച്ചു നൽകുന്നതിൽ നിന്നും സർക്കാരിനെ കർശനമായി വിലക്കിയിട്ടുണ്ട്. പ്രസ്തുത കേസുകളിൽ അന്തിമ ഉത്തരവുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇത് സംബന്ധിച്ച് വ്യക്തികളുടെയോ സന്നദ്ധ സംഘടനകളുടെയോ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | |
| (സി) | നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ, നൂറ് വർഷത്തിലധികമായി കൈവശം വച്ച് അനുഭവിച്ചു വരുന്നതും രജിസ്റ്റേഡ് ആധാരമുള്ളതുമായ അർഹതപ്പെട്ടവർക്ക് പട്ടയം നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ